അഡ്വ. ചെറിയാൻ വർഗീസ്
ചിറത്തലയ്ക്കൽ,
തിരുവല്ല.
[മെമ്പർ & ഹോണററി സെക്രട്ടറി, ബാർകൗൺസിൽ ഓഫ് കേരള,
മെമ്പർ, മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി ]

തിരുവല്ല
27.03.2021



ശ്രീ. എം. ജി. ജോർജ് മുത്തൂറ്റ് –അനുസ്മരണം

മുത്തൂറ്റ് ഗ്രൂപ്പിന് നേതൃത്വം നൽകിവന്നിരുന്ന ശ്രീ. എം. ജി. ജോർജ് (ജോയിച്ചായൻ) പലനിലകളിൽ സ്മരണാർഹനാണ് എന്റെ മാതുലനായിരുന്ന ശ്രീ. പി ജെ കോശി (റീയൂണിയൻ മുംബൈ) വഴിയാണ് ജോയിച്ചായനെ പരിചയപ്പെടുന്നത്. ജോയിച്ചായന്റെ സഹോദരന്മാരിൽ എനിക്ക് ഏറ്റവും വ്യക്തിപരമായ അടുപ്പം ഉണ്ടായിരുന്നത് ജോയിച്ചായനുമായി ആയിരുന്നു.

ജോയിച്ചായനെ അനുസ്മരിക്കുമ്പോൾ മൂന്നു കാര്യങ്ങളാണ് എന്റെ ഓർമ്മയിൽ വരുന്നത്. സഭാ മാനേജിംഗ് കമ്മറ്റിയിൽ ജോയിച്ചായൻ എടുക്കുന്ന സമീപനങ്ങൾ എപ്പോഴും ആത്മാർത്ഥമായിരുന്നു. സഭയുടെ പ്രതിസന്ധിയിൽ വാക്കുകൊണ്ടു മാത്രമല്ല പ്രവർത്തിയിലും, വലിയനിലയിലും ഉള്ള സഹായം എത്തിച്ചും സഭയുടെ താല്പര്യത്തിനായി എപ്പോഴും മുൻകൈയെടുത്തിരുന്നു.

കൊറോണ പകർച്ചവ്യാധിക്കു മുൻപ് കുറേ ദിവസം കോഴഞ്ചേരിയിൽ താമസിച്ച് ആശുപത്രി കാര്യങ്ങളിൽ വ്യാപൃതനായിരുന്ന ജോയിച്ചായനെ ഒരു ദിവസം ഞാൻ വിളിച്ചപ്പോൾ "രാജൻ എവിടെയാണ്, എനിക്കു കാണണം, ഞാൻ കോഴഞ്ചേരിയിലാ വരണം" എന്നു പറഞ്ഞു. അന്നുതന്നെ വൈകിട്ട് ഞാൻ അവിടെ പോയി തിരക്കിനിടയിൽ മണിക്കൂറുകൾ സഭാ കാര്യങ്ങൾ ചർച്ച ചെയ്തതു ഓർക്കുന്നു. അന്നു ഞാൻ ജോയിച്ചായനോട് പുതിയ തലമുറ സഭാ കാര്യങ്ങളിൽ താല്പര്യമെടുക്കുന്നതായി കാണുന്നില്ലാ എന്ന വിഷയം ചർച്ചചെയ്തപ്പോൾ, "എന്റെ മക്കൾ അക്കാര്യത്തിൽ എന്നെപ്പോലെ സഭയ്ക്കുവേണ്ടി തീക്ഷ്ണമായി നിൽക്കുമെന്നു" പറഞ്ഞതോർക്കുന്നു.

ഏതാനും മാസങ്ങൾ മുൻപ് വിളിച്ചപ്പോഴും സഭാ കാര്യങ്ങൾ വളരെ താല്പര്യപൂർവ്വം ചർച്ച ചെയ്തതോർക്കുന്നു. സ്ഥാപനത്തിലെ തൊഴിൽ പ്രശ്നം സംബന്ധിച്ച ചർച്ച വന്നപ്പോഴും, പ്രശ്നങ്ങൾ തീർത്തു മുന്നോട്ടു പോകണമെന്ന് പറഞ്ഞപ്പോഴും, അതിനോട് ജോയിച്ചായൻ ക്രിയാത്മകമായി പ്രതികരിച്ചിരുന്നുവെന്നതും പ്രത്യേകം ഓർക്കുന്നു.

കേരളത്തിലെ ചെറിയ ഒരു പട്ടണമായ കോഴഞ്ചേരിയിൽ നിന്നും ഇന്നു കാണുന്ന കോർപ്പറേറ്റ് സ്ഥാപനമായി മുത്തൂറ്റ് ഗ്രൂപ്പിനെ വളർത്തിയെടുത്തതിൽ നിർണ്ണായകമായ പങ്കു വഹിച്ച ജോയിച്ചായൻ വലിയ ഒരു Visionary ആയിരുന്നു എന്നതിൽ തർക്കമില്ല.

അതേ പോലെ ഒരു സഭാ സ്നേഹിയുമായിരുന്നു. എന്നാൽ മറ്റു സഭകളെ മാനിച്ചും പ്രവർത്തിച്ചു വന്നു.

ജോയിച്ചായന്റെ സ്മരണയ്ക്കായി മുത്തൂറ്റ് ഹോസ്പിറ്റൽ ക്യാൻസർ സെന്റർ "ശ്രീ. M.G. ജോർജ് മുത്തൂറ്റ് ക്യാൻസർ സെൻറർ" എന്ന നാമകരണം ചെയ്യുന്നതു എന്തു കൊണ്ടും പ്രശംസനീയമാണ്. അഭിമാനകരമാണ്. ജോയിച്ചായന് യോഗ്യമായ സ്മാരകങ്ങളിൽ ആദ്യത്തേതാവട്ടെ എന്നും കൂടി ആഗ്രഹിക്കുന്നു. ജോയിച്ചായന്റെ സ്മരണയ്ക്കുമുന്നിൽ എളിയ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

അഡ്വ. ചെറിയാൻ വർഗീസ്